**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2473** **17-03-2022 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ ക്യാപ്പിറ്റൽ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ചയെ സഹായിക്കുന്നതിനായി വെർച്ചൽ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് രൂപവത്കരിക്കുന്നതിന് ധനകാര്യവകുപ്പ് എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (എ) | നൂതന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്ന എല്ലാ മേഖലകളിലെയും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി ഒരു വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിനു രൂപം നൽകുമെന്നും ഇതിലേക്ക് 50 കോടി രൂപ വകയിരുത്തുമെന്നും 2021-22 ലെ ആദ്യബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22 ലെ ആദ്യബജറ്റ് എസ്റ്റിമേറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ ധനാഭ്യർത്ഥന നമ്പർ 37 വ്യവസായത്തിനു കീഴിൽ സർക്കാർ വിഹിതം ന്യൂ സർവ്വീസ് നടപടിക്രമം പാലിച്ചുകൊണ്ട് അനുവദിക്കുന്നതിലേക്കായി ടോക്കൺ വിഹിതം വകയിരുത്തി. ടി ആവശ്യത്തിലേക്കായി ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ